കേരള സർക്കാർ

# കോട്ടപ്പടി ഗ്രാമപഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം**
**website:www.lfa.kerala.gov.in**
**e-mail:doekm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റുചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇകെഎം(പി.7)1177/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ-0484-2422271
email:-doekm.ksad@kerala.gov.in
തീയതി: 03/09/2019.

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ്,
കോട്ടപ്പടി ഗ്രാമപഞ്ചായത്ത് (സെക്രട്ടറി മുഖേന)

സർ,

## വിഷയം :- കോട്ടപ്പടി ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

. റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3)കാര്യാലയ പകർപ്പ്

J.G./-

നം.കെ.എസ്.എ.-ഇകെഎം(പി.7)1177/2019

തീയതി:03/09/2019

**<u>എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.4.2018 മുതൽ 31.3.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് ലഭിച്ച മറുപടി പരിഗണിച്ചതിനു ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

**<u>(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ശ്രീമതി. ജയ സി. ആർ. ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 17-06-2019 മുതൽ 29-06-2019 വരെ | ശ്രീമതി. മിനു പി. കെ. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി. ഷൈബി ഇ. ഡി. സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| | ശ്രീമതി. കവിത എസ്. കണ്ണൻ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

### 1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീ ജോയ് എബ്രഹാം | 01-04-2018 മുതൽ 31-03-2019 വരെ |

### 2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീമതി.എസ്.ശ്രീകല<br>സെക്രട്ടറി | 01/04/2018 മുതൽ 02/07/2018 വരെ |
| 2 | ശ്രീമതി. ജയശ്രീ ആർ.<br>അഡീഷണൽ ചാർജ്,<br>(സെക്രട്ടറി ഇൻ ചാർജ്ജ്) | 03/07/2018 മുതൽ 09/07/2018FN വരെ |
| 3 | ശ്രീമതി.കലാമണി വി.എസ്. | 09/07/2018FN മുതൽ 28/03/2019 വരെ |
| 4 | ശ്രീ. രമേഷ് കെ. എൻ.<br>അഡീഷണൽ ചാർജ് | 29/03/2019 മുതൽ 31/03/2019 വരെ |

### 3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

.

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി സഫീറ സി പി | 01-04-2018മുതൽ 31-03-2019 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.എസ്.ഷറഫുദ്ദീൻ | 01-04-2018 മുതൽ 31-03-2019 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി സിഞ്ചു തോമസ് | 01-04-2018 മുതൽ 06-07-2018 വരെ |
| | | ശ്രീമതി സ്വപ്ന മാത്യു | 07-07-2018 മുതൽ 31-03-2019വരെ |
| 4 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.ജെറാൾഡ്.ജെ.മാത്യു | 01-04-2018 മുതൽ 31-03-2019 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം). | ഡോ.എ. സോളമൻ | 01-04-2018 മുതൽ 09-06-2018 വരെ |

| | | | |
|---|---|---|---|
| | | ഡോ.സി.എസ്.ജ്യോതിപ്രകാശ് | 10-06-2018 മുതൽ 28-08-2018 വരെ |
| | | ഡോ.എ. സോളമൻ | 29/08/18 മുതൽ 31-03-2019വരെ |
| 6 | ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.ജെസ്സി.എം.വർഗ്ഗീസ് | 01-04-2018 മുതൽ 31-03-2019 വരെ |
| 7 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.ബോബി ഈപ്പൻ | 01-04-2018 മുതൽ 04-07-2018FNവരെ |
| | | ശ്രീ സാം മാത്യു സാബു (അഡീ.ചാർജ്) | 04-07-2018ANമുതൽ 10-07-2018വരെ |
| | | ശ്രീമതി നസിയ പി എം (അഡീ.ചാർജ്) | 11-07-2018 മുതൽ 13-08-2019 വരെ |
| | | ശ്രീ വിമൽ കുമാർ വി (അഡീ.ചാർജ്) | 13-08-2018 മുതൽ 08-10-2018 വരെ |
| | | ശ്രീമതി ദിവ്യ ശശി | 09-10-2018 മുതൽ 31-03-2019 വരെ |
| 8 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- കോട്ടപ്പടി സർക്കിൾ | ശ്രീമതി ബേബിമോൾ എസ് | 01-04-2018 മുതൽ 31-03-2019 വരെ |
| 9 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - വടാശേരി സർക്കിൾ | ശ്രീ.ഹൈനസ്.സി.എം. | 01-04-2018 മുതൽ 29-10-2018 വരെ |
| | | ശ്രീമതി ബേബിമോൾ എസ് | 30.10.2018 മുതൽ 31-03-2019 വരെ |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ രമേഷ് കെ എൻ | 01-04-2018 മുതൽ 31-03-2019 വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി എലിസബത്ത് സി ജോർജ്ജ് | 01-04-2018 മുതൽ 31-03-2019 വരെ |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം(R&P പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | **ഭാഗം-2** | |
| 13 | വസ്തു നികുതി നിർണയം - അപാകതകൾ | 2-1 |
| 14 | പ്ലാസ്റ്റിക്ക് ക്യാരി ബാഗുകളിലെ വിപണനം സംബന്ധിച്ച് | 2-2 |
| 15 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-3 |
| 16 | ഡി ആൻഡ് ഒ ലൈസൻസ്- അപാകതകൾ | 2-4 |
| | **ഭാഗം-3** | |
| 17 | കൃഷി-ആനുകൂല്യം പണമായി നൽകി | 3-1 |
| 18 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്-ആനുകൂല്യം മുഴുവൻ നൽകുന്നില്ല | 3-2 |
| 19 | സ്കോളർഷിപ്പ് അനുവദിച്ചതിൽ അപാകത. | 3-3 |
| 20 | പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗ രേഖകൾ ലഭ്യമാക്കുന്നില്ല | 3-4 |
| 21 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി -നിർമ്മാണം പൂർത്തീകരിച്ചില്ല | 3-5 |
| 22 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നു | 3-6 |

| | | |
|---|---|---|
| 23 | വീട് പുനരുദ്ധാരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-7 |
| 24 | ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ -അപാകതകൾ | 3-8 |
| 25 | കറവപ്പശു വളർത്തൽ പദ്ധതി | 3-9 |
| 26 | പൊതുടാപ്പുകളുടെ വെള്ളക്കരം - ഭീമമായ കുടിശ്ശിക സംബന്ധിച്ച് | 3-10 |
| 27 | മരുന്ന് ലഭ്യമാക്കിയില്ല | 3-11 |
| | **ഭാഗം-4** | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 35 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 38 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 39 | ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| 40 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 41 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |


# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

23/03/2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ /പരിഷ്കരിച്ച ബജറ്റ് 22/03/2019 തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2019 | 14/5/2019 | --- | --- |

# 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17/06/2019 മുതൽ 18/06/2019 വരെ | കെ.എസ്.എ.-ഇകെഎം.(പിജി)/1227(81)/2019, 02.08.2019 |

.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4449760 |
| വരവ് | 70489714 |
| ആകെ | 74939474 |
| ചെലവ് | 63519366 |
| നീക്കിയിരിപ്പ് | 11420108 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | ACR പ്രകാരം വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 11650436 | 11650436 | 11649362 | 1074 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6360000 | 6360000 | 4933504 | 1426496 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 202000 | 202000 | 191380 | 10620 |
| മെയിന്റനൻസ്-റോഡ് (ACR പ്രകാരം) | 0 | 12316000 | 12316000 | 12164699 | 151301 |
| മെയിന്റനൻസ്-നോൺ-റോഡ് | 0 | 2780000 | 2780000 | 2389660 | 390340 |

| | | | | | |
|---|---|---|---|---|---|
| (ACR പ്രകാരം) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 5462000 | 5462000 | 4999829 | 462171 |
| കെ.എൽ.ജി.എസ്.ഡി.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| ജില്ലാ പഞ്ചായത്ത് | 5500000* | 950000 | 6450000 | 5264200 | 1185800 |
| ബ്ലോക്ക് പഞ്ചായത്ത് | 105596 | 1909650 | 2015246 | 911500 | 1103746 |
| ടി.എസ്.ബി | 307000 | 130000 | 437000 | 130000 | 307000 |
| ഐ.സി.ഡി.എസ് | 138206 | 739425 | 877631 | 877631 | 0 |
| E-payment | 22869 | 60085 | 82954 | 25531 | 57423 |
| ജനറൽ പർപ്പസ് | 385709 | 11039312 | 11425021 | 7996354 | 3428667 |
| SBT, KURDFC Loan | 0 | 2446035 | 2446035 | 2438600 | 7435 |
| SBT Own Fund | 600204 | 5271866 | 5872070 | 3951643 | 1920427 |
| ശുചിത്വ മിഷൻ | 89583 | 0 | 89583 | 0 | 89583 |
| Special TSB | 239617 | 10579075 | 10818692 | 8533331 | 2285361 |
| കോട്ടപ്പടി SCB own fund | 3184784 | 8462782 | 11647566 | 7951800 | 3695766 |
| ബി - ഫണ്ട് | 0 | 31444960 | 31444960 | 31444960 | 0 |
| ദുരിതാശ്വാസനിധി | 8578 | 3228 | 11806 | 0 | 11806 |
| NREGS | 7999 | 569877 | 577876 | 564653 | 13223 |

*Redumption amount 5500000/- രൂപ 31.03.2018 ൽ സർക്കാർ പിൻവലിച്ചതിനാൽ നീക്കിയിരിപ്പ് ഇല്ലായിരുന്നു. എന്നാൽ ഈ തുക പിന്നീട് തിരികെ ലഭിച്ചതിനാൽ ഒ ബി ആയി ചേർത്തിരിക്കുന്നു.

# 1-6 പദ്ധതി അവലോകനം

## ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 174 | 73467513 | 143 | 53972841 | 3 | 28 | 82% |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7999 | 569877 | 577876 | 564653 | 13223 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 25053007 | 25053007 | 25053007 | 0 |
| **ആകെ** | **7999** | **25622884** | **25630883** | **25617660** | **13223** |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 53760 | 27 |
| കർഷകതൊഴിലാളി പെൻഷൻ | 3056600 | 244 |
| വിധവാപെൻഷൻ | 7327700 | 641 |
| വാർദ്ധക്യകാലപെൻഷൻ | 17529600 | 1575 |
| വികലാംഗപെൻഷൻ | 2920500 | 241 |
| 50 വയസ്സിനുമുകളിൽ അവിവാഹിതകളായ സ്ത്രീകളുടെ പെൻഷൻ | 296800 | 23 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 180000 | 6 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24/06/2019 ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5455/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 അഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ജനറൽ കമ്മിറ്റിയുടെ മിനിറ്റ്സ് ബുക്കുകൾ കൃത്യമായി പരിപാലിക്കുന്നുണ്ട്. യോഗ തീരുമാനങ്ങളും ചർച്ചകളുടെ വിവരങ്ങളും വ്യക്തമായി രേഖപ്പെടുത്തി, ക്ലോസ്സ് ചെയ്തുപോരുന്നുണ്ട്. സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മിനിറ്റ്സുകളും ഭംഗിയായി കൈകാര്യം ചെയ്തുപോരുന്നുണ്ട്.

**<u>വർക്കിംഗ് ഗ്രൂപ്പ്</u>**

പഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിറ്റ്സുകൾ പരിശോധിച്ചതിൽ, പദ്ധതി നിർദ്ദേശങ്ങൾ

രേഖപ്പെടുത്തുന്നുണ്ടെങ്കിലും, പദ്ധതി മോണിറ്ററിംഗ് സംബന്ധമായ ചർച്ചകൾ നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങളിൽ നാമമാത്ര പ്രാതിനിധ്യം മാത്രമാണുള്ളത്.

വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗത്തിന്റെ പല മിനിറ്റ്സുകളും ക്ളോസ് ചെയ്തിട്ടില്ല.

| വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | ക്ളോസ് ചെയ്തിട്ടില്ലാത്ത യോഗ തീയതി |
|---|---|
| ആരോഗ്യം | 8.5.2018 |
| വനിത വികസനം | 17.2.2018, 7.3.2018 |
| പൊതുമരാമത്ത് | 5.10.2018 |

"പട്ടികജാതി /പട്ടികവർഗ്ഗ വികസനം" എന്ന വർക്കിംഗ് ഗ്രൂപ്പിന്റെ മിനിറ്റ്സിൽ തീരുമാനങ്ങളും നിർദ്ദേശങ്ങളും കൃത്യമായിരേഖപ്പെടുത്തുന്നുണ്ട്. കൂടാതെ, ഈ വർക്കിംഗ് ഗ്രൂപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തുന്നതായി മിനിറ്റ്സിൽ നിന്ന് മനസ്സിലാവുന്നു. യോഗമിനിറ്റ്സുകൾ ക്ലോസ്സ് ചെയ്തുപോരുന്നതിനും ശ്രദ്ധപുലർത്തുന്നുണ്ട്.

18-19 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് "കണക്കുകൾ രേഖകൾ എന്നിവ തയ്യാറാക്കൽ" എന്ന ഗ്രൂപ്പ് ആദ്യയോഗം 9.3.17ൽ ചേർന്നിട്ടുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പ് പിന്നീട് വിലയിരുത്തുന്നതിനായി യോഗങ്ങളൊന്നും ചേർന്നിട്ടില്ല. അതുപോലെ, "കൃഷി, മത്സ്യബന്ധനം" എന്ന വർക്കിംഗ് ഗ്രൂപ്പ് 30.11.2018 ൽ കൂടിയ യോഗത്തിൽ 6 പദ്ധതിനിർദ്ദേശങ്ങൾ എഴുതി ചേർത്തിട്ടുണ്ടെങ്കിലും, ഇവയുടെ അടിസ്ഥാനമെന്തെന്നോ, ഇത് സംബന്ധമായ വിലയിരുത്തലുകളോ നടത്തിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പിന്റേത് എന്ന പേരിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുമ്പോൾ യോഗത്തിൽ ഗ്രൂപ്പ് അംഗങ്ങളുടെ ഹാജർ ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടതും, യോഗ മിനിറ്റ്സുകൾ അപാകതകൾ പരിഹരിച്ച് കൃത്യമായി പരിപാലിക്കേണ്ടതുമാണ്.

<u>ഗ്രാമസഭ</u>

പഞ്ചായത്തിന്റെ 13വാർഡുകളിലും 18-19 വർഷം 4 വീതം ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. ഗ്രാമസഭകളെല്ലാം തന്നെ ക്വാറം തികഞ്ഞ് തന്നെയാണ് കൂടിയിട്ടുള്ളത്. ഗ്രാമസഭ മിനിറ്റ്സുകൾ മികച്ച രീതിയിൽ കൃത്യമായി പരിപാലിച്ചുപോരുന്നുണ്ട്.

ഗ്രാമപഞ്ചായത്തിലെ നിർവ്വഹണോദ്യോഗസ്ഥർ അവർ കൈകാര്യം ചെയ്യുന്ന പദ്ധതികളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും സുതാര്യമായും കൃത്യതയോടെയും പരിപാലിക്കുന്നുണ്ട്. ഓഡിറ്റിനായി രേഖകൾ സമർപ്പിക്കുന്നതിൽ എല്ലാ നിർവ്വഹണോദ്യോഗസ്ഥരും തികഞ്ഞ ജാഗ്രത പുലർത്തുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്തിലെ വരവിനങ്ങളുടെയും ചെലവിനങ്ങളുടെയും രേഖകളും രജിസ്റ്ററുകളും മികച്ച രീതിയിൽ കൈകാര്യം ചെയ്തുപോരുന്നുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകളിൽ ഡി.സി.ബി.കൃത്യമായി രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. പഞ്ചായത്തിൽ നിന്ന് വിവിധ സേവനങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് എത്തുന്ന ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഫ്രണ്ട് ഓഫീസിൽ ഒരുക്കിയിട്ടുണ്ട്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13/11/2018 | 10/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | -- | -- |

.

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

അനുബന്ധമായി ചേർത്തിട്ടുണ്ട്.

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 വസ്തു നികുതി നിർണയം - അപാകതകൾ

പഞ്ചായത്തിലെ വിവിധ വാർഡുകളിലെ നികുതി നിർണയ രജിസ്റ്റർ

പരിശോധിച്ചതിൽ നികുതി നിർണയത്തിൽ അപാകതകളുള്ളതായി കണ്ടെത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-9/27.6.19) മറുപടിയായി ആയത് പരിഹരിച്ച് വിവരം അറിയിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട്. അസസ്മെന്റ് വർഷം മുതൽ നികുതി പുനർനിർണ്ണയിച്ച് നഷ്ടത്തുക കെട്ടിടയുടമകളിൽ നിന്ന് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1. <u>ബാധകമായതിലും കുറഞ്ഞ നിരക്കിൽ വസ്തു നികുതി കുറവായി നിർണയിച്ച</u>

100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ ഗോഡൗൺ എന്നിവക്ക് ചതുരശ്രമീറ്ററിന് 55/-രൂപയായും, ഇതര വ്യവസായങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 40/-രൂപയായും, വസ്തു നികുതി പുനർനിർണയിച്ച് പഞ്ചായത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മായ-സജീവ്, എബിൻ സണ്ണി എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് (യഥാക്രമം ഗോഡൗൺ, തടിമിൽ) മേൽ നിശ്ചയിച്ചതിൻ പ്രകാരമുള്ള നിരക്കിലല്ല വസ്തു നികുതി നിർണയിച്ചിരിക്കുന്നതെന്ന് കാണുന്നു.

| വാർഡ് നം, കെട്ടിട നം, തറ വിസ്തീർണം | കെട്ടിടയുടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | നിർണയിച്ച നികുതി | നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|---|---|
| 8/435 A<br>198 $m^2$ | സജീവ്, മായ സജീവ് | ഗോഡൗൺ | @35/-<br>198*35+20%വർദ്ധനവ്-10% ഇളവ്<br>=7623/- | @55/-<br>198*55+20%വർദ്ധനവ് -10% ഇളവ്<br>=11979/- |
| 11/219 A<br>184.83 $m^2$ | എബിൻ സണ്ണി കൊട്ടിശ്ശേരിക്കുടി | തടി മിൽ | @10/-<br>184.83*10-20%ഇളവ്<br>=1479/- | @40/-<br>184.83*40-20%ഇളവ്<br>=5915/- |

.

2. കോട്ടപ്പടി ധർമഗിരി വികാസ് സെന്ററിന്റെ ഉടമസ്ഥതയിലുള്ള 12ാം വാർഡിലെ 468-ാം നമ്പർ കെട്ടിടം (104.43$m^2$) അസസ്മെന്റ് രജിസ്ററർ, സഞ്ചയ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം ഡേ കെയറായി ഉപയോഗക്രമം നിശ്ചയിച്ചാണ് വസ്തു നികുതി നിർണയിച്ചിരിക്കുന്നത്. എന്നാൽ നികുതി അടവാക്കുന്നതിൽ നിന്നും ടി കെട്ടിടത്തെ ഒഴിവാക്കിയിട്ടുണ്ട്. അപ്രകാരം ഒഴിവാക്കിയ നടപടിയെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കി കാരണം വ്യക്തമാക്കുവാൻ

ആവശ്യപ്പെട്ടിരുന്നുവെങ്കിലും(എൻക്വ-9) മറുപടി നൽകിയില്ല. പ്രസ്തുത രേഖകൾ ഹാജരാക്കേണ്ടതാണ്.

## 2-2 പ്ലാസ്റ്റിക്ക് ക്യാരി ബാഗുകളിലെ വിപണനം സംബന്ധിച്ച്

പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദ്ദേശ പ്രകാരം പ്ലാസ്റ്റിക്ക് ഉപയോഗം സംബന്ധിച്ച്, തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച 24.9.16ലെ 576/DC1/16/തസ്വഭവ സർക്കുലറിൽ കച്ചവടക്കാർ അവരുടെ വിൽപ്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത ക്യാരി ബാഗുകളിൽ വിതരണം നടത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇപ്രകാരം കച്ചവടം നടത്തുന്ന വ്യാപാരികളും തെരുവു കച്ചവടക്കാരും അതത് തദ്ദേശസ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യേണ്ടതും ഇവരിൽ നിന്നും പ്രതിമാസം കുറഞ്ഞത് 4000/- രൂപ അതായത് ഒരു വർഷം 48000/- രൂപ പ്ലാസ്റ്റിക്ക് നിർമാർജന ഫീസായി ഈടാക്കുകയും ചെയ്യാവുന്നതാണ്. പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനായി കോട്ടപ്പടി ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് എൻക്വയറി (നം-2/20.6.19)നൽകിയതിന് മറുപടിയായി പ്ലാസ്റ്റിക്ക് നിർമാർജന ഫീസ് ഈടാക്കുവാൻ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി ചേർന്ന് തീരുമാനം കൈക്കൊള്ളുകയും ആയത് നടപ്പിലാക്കുന്നത് സംബന്ധിച്ച് വ്യാപാരികളുമായി സംയുക്ത യോഗം ചേരുകയും ചെയ്തെങ്കിലും വ്യാപാരികളുടെ ഭാഗത്തുനിന്നുണ്ടായ ശക്തമായ പ്രതിഷേധം മൂലം ടി തീരുമാനം നടപ്പിലാക്കാൻ സാധിച്ചില്ലായെന്ന് അറിയിച്ചിട്ടുണ്ട്. മാത്രമല്ല മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനാൽ മാലിന്യനിക്ഷേപം സംബന്ധിച്ച പരാതികളൊന്നും നിലവിലില്ലായെന്നും 2019-20 വർഷം തന്നെ പഞ്ചായത്തിൽ പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നും വിശദമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ വൻകിട കച്ചവടക്കാർ ഇല്ലാത്തതിനാൽ നിർദ്ദിഷ്ട ഫീസീടാക്കുവാൻ ബുദ്ധിമുട്ടുണ്ടെന്ന് മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്, എന്നിരുന്നാലും പ്ലാസ്റ്റിക്ക് ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയുള്ള സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നതിലേക്ക്, വ്യാപാരികളുമായി സമവായത്തിലെത്തുവാൻ ശ്രമിക്കാവുന്നതാണ്. ടി വിഷയത്തിൽ ആവശ്യമായ ചർച്ചകൾ നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുവാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 2-3 തൊഴിൽ നികുതി ഈടാക്കിയില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2018-19 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല(എൻക്വയറി നം- 3/20.6.19). ഉചിതമായ നടപടികൾ സ്വീകരിച്ച് നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

I. റേഷൻ കടകൾ, റ്റോഡി ഷോപ്പുകൾ

പഞ്ചായത്ത് പരിധിയിൽ 10 റേഷൻ കടകളും 5 റ്റോഡി ഷോപ്പുകളും പ്രവർത്തിക്കുന്നുണ്ടെന്ന് 3-ാം നമ്പർ എൻക്വയറിയുടെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. (ആയതിന്റെ കെട്ടിട നമ്പറുകൾ ലഭ്യമാക്കിയിട്ടില്ല)

II.

തൻവർഷം പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയ താഴെപ്പറയുന്ന കരാറുകാരിൽ നിന്നും അവരുടെ അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി നിർണയിച്ച് ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1.ബൈജു വർക്കി, ചേലക്കുടി

2.വർക്കി.കെ.എ‌ൈ, പ്ലാമുടി

3.എം.കെ.വർഗീസ് കുട്ടി, മൂസപ്പിള്ളിൽ

4.എൻ.ബി.മൊയ്തീൻ, തൃക്കാരിയൂർ

5.കെ.കെ.രാജപ്പൻ, കുന്നംപുറം

6.ജോർജ് പോൾ, നടുവത്ത്

7.അഷ് ലർ ബിൽഡേഴ്സ്

III.

12-ാം വാർഡിൽ പ്രവർത്തിച്ച് വരുന്ന കോട്ടപ്പടി ഈസ്റ്റ് സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് 152, 2108-19 രണ്ടാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികുതി 27.6.19 ലാണ് (രസീത് നം.11902010578) അടവാക്കിയത്.പിഴപ്പലിശ സഹിതം ടി തുക ഇപ്രകാരം ഈടാക്കിയെങ്കിലും കുടിശിക തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല. ആയത് അപാകതയായി ഖണ്ഡിക 1-12 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതെ നികുതി കൃത്യമായി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 2-4 ഡി ആൻഡ് ഒ ലൈസൻസ്- അപാകതകൾ

1. വസ്തു നികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഒന്നിലധികം കെട്ടിടങ്ങൾക്ക് കോഴിവളർത്തൽ കേന്ദ്രങ്ങൾ എന്ന ഉപയോഗക്രമത്തിൽ നികുതി നിർണയിച്ച് ഈടാക്കിയിരിക്കുന്നതായി കാണുന്നു. എന്നാൽ ടി വ്യക്തികളാരും തന്നെ മേൽ ആവശ്യത്തിനായി ഡി ആൻഡ് ഒ ലൈസൻസ് എടുത്തതായും കാണുന്നില്ല. വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം.4/24.06.19) മറുപടിയായി ജി.സ്.റ്റി. നടപ്പിലാക്കിയതുമൂലവും പ്രളയത്തെ തുടർന്നുണ്ടായ വ്യാപാരമാന്ദ്യം മൂലവും ടി സ്ഥാപനങ്ങളിൽ ചിലത് മാത്രമേ പ്രവർത്തനം തുടരുന്നുള്ളുവെന്നറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. പ്രവർത്തനം തുടങ്ങുന്നതിനായി ലൈസൻസ് എടുക്കുവാൻ അപേക്ഷ സമർപ്പിച്ച വ്യക്തികളിൽ നിന്നും പിഴ സഹിതം ലൈസൻസ് ഫീസ് ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

| അസസ് മെന്റ് വർഷം | ഉടമയുടെ പേര് | വാർഡ് നമ്പർ | കെട്ടിട നമ്പർ |
|---|---|---|---|
| 2013-14 | മാധവി w/oസുബ്രമണ്യൻ മാളിയേക്കൽ | 4 | 223/A 223/B 223/C 223/D |
| “ | ഹരിഹരൻ മാളിയേക്കൽ | 4 | 223/E 223/F 223/G |
| “ | കെ.റ്റി.പൗലോസ് കാക്കത്തോടൻ | 4 | 231/A 231/B |
| “ | കെ.വി.സാജു കിഴക്കുംപറമ്പിൽ | 5 | 435/A 435/B 435/C 435/D 435/E |
| “ | ഔസേപ്പ് സ്കറിയ കണ്ണോത്തുകുടി | “ | 225/A 225/B 225/C |
| “ | ഗീവർഗീസ് കാഞ്ഞിരംകുഴി | 6 | 256/A 256/B 256/C |
| “ | സാറക്കുട്ടി w/oഗീവർഗീസ് | “ | 256/D 256/E 256/F |

| | | | |
|---|---|---|---|
| 2014-15 | മത്തായി<br>അയിരൂർപാടം | 5 | 216/B<br>216/C |
| “ | ഊപ്പ്<br>s/o<br>കുര്യാക്കോസ്<br>മാലിക്കുടി | “ | 95/A<br>95/B |
| “ | എൽദോസ്<br>പടിഞ്ഞാറേക്കുടി | “ | 90/A<br>90/B<br>90/C<br>90/D |

2. പഞ്ചായത്തിലെ 10-ാം വാർഡിൽ 388-ാം നമ്പർ കെട്ടിടത്തിൽ പ്രവർത്തിച്ച് വന്നിരുന്ന ഹെർബൻ അക്വാ ഫുഡ്സ് എന്ന മിനറൽ വാട്ടർ യൂണിറ്റ് (ലൈസൻസി/ഉടമ - വർഗീസ്.എ.അഗസ്റ്റിൻ) 2018-19 വർഷം ലൈസൻസ് പുതുക്കുന്നതിലേക്കായി സംസ്ഥാന ഭൂജല അതോറിറ്റിയുടേയും (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.3.18ലെ RC4/244/17 - ാം നമ്പർ ഉത്തരവ് പ്രകാരമുള്ള NOC)മലിനീകരണ ബോർഡിന്റേയും (നിലവിലുള്ള സർട്ടിഫിക്കറ്റിന്റെ കാലാവധി 30.6.18 ൽ അവസാനിക്കുന്നു) നിരാക്ഷേപ പത്രം ഹാജരാക്കിയതായി കാണുന്നില്ല. മേൽ സ്ഥാപനം അനധികൃതമായി ഭൂഗർഭ ജലം ഊറ്റി വരുകയാണെന്നും ലൈസൻസ് ദുരുപയോഗം ചെയ്യുകയാണെന്നുമുള്ള കോട്ടപ്പടി പരിസ്ഥിതി സംരക്ഷണ സമിതി യുടെ പരാതി 9/5/18ലെ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും ലൈസൻസ് നൽകുമ്പോൾ ഭൂജല വകുപ്പിന്റെ അനുമതി വാങ്ങാനും തീരുമാനിച്ചിരുന്നു.(നം- 1) ഡി ആൻഡ് ഒ രജിസ്റ്റർ പരിശോധിച്ചതിൽ 2018-19വർഷം സ്ഥാപനത്തിന് ലൈസൻസ് നൽകിയിട്ടില്ല. എന്നാൽ 2018-19 വർഷത്തേക്കുള്ള ലൈസൻസ് ഫീസും (Rs-5010/-, രസീത് നം.11702010319/27.1.18) വസ്തുനികുതിയും (Rs19761/-, രസീത് നം.11702010319/21.12.18) തൊഴിൽ നികുതിയും ( ജീവനക്കാരുടെ നികുതി- 2550/- രൂപ വീതം ഇരു അർദ്ധവർഷങ്ങളിലും ) അടവാക്കിയിട്ടുണ്ട്. ആയതിനാൽ തന്നെ തൻവർഷം സ്ഥാപനം പ്രവർത്തിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്. ഈ സ്ഥാപനത്തിന് പഞ്ചായത്തിൽ നിന്നും ഡി & ഒ ലൈസൻസ് നൽകിയിട്ടില്ലായെന്നിരിക്കെ, സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽനികുതി, വസ്തുനികുതി എന്നിവ ഈടാക്കിയിരിക്കുന്നതിന്റെ അടിസ്ഥാനമെന്തെന്ന് വ്യക്തമല്ല. ആയതിന്റെ വിശദീകരണം ലഭ്യമാക്കിയിട്ടില്ല (എൻക്വയറി നം. 4/24.06.19). തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12/3/18 ലെ ആർ.സി 4/244/17 നമ്പർ ഉത്തരവനുസരിച്ച് ഭൂഗർഭ ജലമുപയോഗിച്ച് പ്രവർത്തിക്കുന്ന കുപ്പിവെള്ള വ്യവസായ യൂണിറ്റുകൾക്ക് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും നിലവിൽ

അനുവദിച്ചിട്ടുള്ള ലൈസൻസ് പുതുക്കി നൽകുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമാണെന്നിരിക്കെ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ സ്ഥാപനം പ്രവർത്തിച്ചുവെന്നത് ആശാസ്യമായ കീഴ്‌വഴക്കമല്ല. ആയതിനാൽ മതിയായ രേഖകളില്ലാതെ ഇപ്രകാരം ഒരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കൃഷി-ആനുകൂല്യം പണമായി നൽകി

| പ്രോജക്ടിന്റെ പേര് | കിഴങ്ങുവർഗ്ഗ വിളകളുടെ കൃഷി വികസനം | ജാതി കൃഷി പ്രോത്സാഹനം |
|---|---|---|
| പ്രോജക്ട് നം | S088/19 | S091/19 |
| അടങ്കൽ | 1,35,000/- (1,00,000/- വികസന ഫണ്ട്-സാധാ, 35,000/-മറ്റുള്ളവ) | 2,00,000/-(1,00,000/- വികസന ഫണ്ട്-സാധാ, 1,00,000/-മറ്റുള്ളവ) |
| ചെലവ് | 1,35,000/- | 2,00,000/- |
| ബിൽ നമ്പർ/ തീയതി | 1) 15/18-19<br>തീയതി 28.02.2019<br>തുക 84,000/-<br>2)16/18-19<br>തീയതി 28.02.2019<br>തുക 16,000/- | 1) 13/18-19<br>തീയതി 28.02.2019<br>തുക 8,000/-<br>2)14/18-19<br>തീയതി 28.02.2019<br>തുക 92,000/- |

കൃഷി ഓഫീസർ നടപ്പിലാക്കിയ മേൽ പദ്ധതികളിൽ താഴെപ്പറയുന്ന അപാകത കാണുന്നു.

1) S088/19

ഈ പദ്ധതിയിൽ കിഴങ്ങുവർഗ്ഗ വിളകൾ കൃഷി ചെയ്യുന്ന കർഷകർക്ക് സെന്റിന് 48/-രൂപ നിരക്കിൽ വികസന ഫണ്ട് 1,00,000/-രൂപ 72 ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് കൈമാറി നൽകി.

2) S091/19

ഈ പദ്ധതിയിൽ ജാതി കൃഷി ചെയ്യുന്ന കർഷകർക്ക് ചെടി ഒന്നിന് 50/-രൂപ

നിരക്കിൽ വികസന ഫണ്ട് 1,00,000/-രൂപ 108 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറുകയാണ് ചെയ്തിട്ടുള്ളത്.

സർക്കാർ ഉത്തരവ് (കൈ)നമ്പർ 22/2018/തസ്വഭവ തീയതി 14.02.2018 പ്രകാരം പ്രത്യേകമായി നിർദ്ദേശിച്ചിട്ടുള്ള ഇനങ്ങൾക്കൊഴികെ ആനുകൂല്യങ്ങൾ പണമായി നൽകാൻ പാടില്ലാത്തതാണ്. സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ആനുകൂല്യം പണമായി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 26.06.2019 ലെ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കൃഷി വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾക്ക് പണമായി ആനുകൂല്യം നൽകിയിട്ടുണ്ടെന്നും സംസ്ഥാന സർക്കാർ സ്കീമുകളിലെ സബ്സിഡി സ്വീകരിക്കുന്നതിന് സർക്കാർ ഉത്തരവ് (കൈ)നമ്പർ 22/2018/തസ്വഭവ തീയതി 14.02.2018 പ്രകാരം അനുവദനീയമാണെന്നുമാണ്. പ്രസ്തുത ഉത്തരവിൽ സബ്സിഡി നിരക്കുകൾ ഏതെങ്കിലും പ്രോജക്ടുകൾക്ക് പ്രയോജനപ്പെടുത്തേണ്ടത് ആവശ്യമാണെങ്കിൽ ഉപയോഗപ്പെടുത്താവുന്നതാണെന്ന് മാത്രമേ പരാമർശിച്ചിട്ടുള്ളൂ. പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതും അല്ലാത്ത പക്ഷം ആയത് പൊതുപ്പണത്തിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

# 3-2 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്-ആനുകൂല്യം മുഴുവൻ നൽകുന്നില്ല

പ്രൊജക്ട് : ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്.-

പ്രൊജക്ട് നം : 104/19

ചെലവഴിച്ച തുക : 4,50,000 രൂപ (1,50,000 – വികസന ഫണ്ട്, 1,50,000 – ബ്ളോക്ക് വിഹിതം, 1,50,000 – ജില്ലാ പഞ്ചായത്ത് വിഹിതം).

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന 25 കുട്ടികൾക്കാണ് സ്കോളർഷിപ്പ് വിതരണം ചെയ്തത്. പ്രതിമാസ സ്കോളർഷിപ്പ് 1000/- രൂപയും പ്രതിമാസ യാത്രാബത്ത 1000/- രൂപയും വസ്ത്രങ്ങൾക്കുള്ള ബത്ത, വിദ്യാഭ്യാസ സാമഗ്രികൾക്കുള്ള ബത്ത എന്നീ ഇനങ്ങളിലെ വാർഷിക ബത്തകളായ യഥാക്രമം 1500/-രൂപ, 2000/-രൂപ എന്നിവയടക്കം 28,500/- രൂപയാണ് മാനസിക

വെല്ലുവിളി നേരിടുന്ന ഒരു കുട്ടിക്ക് അർഹതയുള്ള സ്കോളർഷിപ്പ് തുക. എന്നാൽ ഒരു കുട്ടിക്ക് 15,500/- രൂപ മാത്രമാണ് കോട്ടപ്പടി ഗ്രാമപഞ്ചായത്തിൽ സ്കോളർഷിപ്പ് ഇനത്തിൽ 2018-19 ൽ മേൽ പ്രൊജക്ടുകളിലൂടെ ലഭ്യമാക്കിയിട്ടുള്ളത്. അതായത്, അർഹതപ്പെട്ട തുകയുടെ 54 ശതമാനം മാത്രമാണ് ഓരോ കുട്ടിക്കും ലഭ്യമായിട്ടുള്ളത്. ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കും ഇത്തരത്തിൽ ലഭിക്കേണ്ടിയിരുന്ന മുഴുവൻ തുകയും ലഭ്യമാക്കിയിട്ടില്ല. മുഴുവൻ തുകയും ലഭ്യമാക്കാൻ പര്യാപ്തമായ തുക ബജറ്റിലും പ്രൊജക്ട് തയ്യാറാക്കുന്ന വേളയിലും വക കൊള്ളിക്കുന്നില്ല എന്ന് കാണുന്നു. നിലവിലുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കാൻ ആകെ 8,01,100/- രൂപ ആവശ്യമായിരുന്നെങ്കിലും 5,00,000/-രൂപ മാത്രമാണ് വകയിരുത്തിയത്. ഭിന്നശേഷിക്കാരായ കുട്ടികളുടെ ക്ഷേമം മുൻ നിർത്തി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതി വഴി അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ പൂർണ്ണമായും ലഭ്യമാക്കുന്നതിന് പര്യാപ്തമായത്ര തുക വകയിരുത്തിക്കൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്.

# 3-3 സ്കോളർഷിപ്പ് അനുവദിച്ചതിൽ അപാകത

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് |
| പ്രോജക്ട് നം | S0104/19 |
| അടങ്കൽ | 5,00,000/- (1,50,000/-വികസന ഫണ്ട്-സാധാരണം, 2,00,000/-ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 1,50,000/- ജില്ലാ പഞ്ചായത്ത് വിഹിതം ) |
| ചെലവ് | 4,50,000/- |
| ബിൽ നമ്പർ/ ചെക്ക് നമ്പർ തീയതി, തുക | 1) 9/18-19 തീയതി 10.01.2019 തുക 106800/-<br>2)16/18-19 തീയതി 06.03.2019 തുക 43,200/-<br>3) 2881252 തീയതി 10.01.2019 തുക 106800/-<br>4) 2881255 തീയതി 06.03.2019 തുക 43200/-<br>5) 2881260 തീയതി 30.30.2019 തുക 150000/- |

ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പിലാക്കിയ ഈ പദ്ധതിയുടെ അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ റേഷൻ കാർഡ് പ്രകാരം ഇവർ കോട്ടപ്പടി പഞ്ചായത്തിലെ സ്ഥിരതാമസക്കാരല്ല. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | പേര്, മേൽവിലാസം | റേഷൻ കാർഡ് നമ്പർ | റേഷൻ കാർഡിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം |
|---|---|---|---|
| 1 | അഭിരാം വി എസ്, വലിയവീട്ടിൽ, പാണിയേലി | 1738089678 | വേങ്ങൂർ പഞ്ചായത്ത് |
| 2 | ഹന്ന മറിയം ബേസിൽ, ഓണേലി വീട് | 1738109358 | അശമന്നൂർ പഞ്ചായത്ത് |
| 3 | നിഖിൽ ദേവ്, പുതുപ്പറമ്പിൽ, നാഗഞ്ചേരി | 1739056801 | കോതമംഗലം നഗരസഭ |
| 4 | അശ്വതി നായർ, പുത്തൻപുര, കോട്ടപ്പടി | 1739055076 | നെല്ലിക്കുഴി പഞ്ചായത്ത് |

മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്ഥിരതാമസക്കാരായ വ്യക്തികൾക്ക് ഈ പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 26.06.2019 ലെ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ ഈ ഗുണഭോക്താക്കൾ നാളുകളായി കോട്ടപ്പടി പഞ്ചായത്തിൽ വാടകയ്ക്ക് താമസിക്കുന്നവരാണെന്നാണ് അറിയിച്ചിട്ടുള്ളത്. ഈ മറുപടി തൃപ്തികരമല്ല. ഗുണഭോക്താക്കൾ അവരുടെ സ്വന്തം പഞ്ചായത്തിൽ നിന്നും ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

# 3-4 പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗ രേഖകൾ ലഭ്യമാക്കുന്നില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | 78/18, പ്രത്യേക കന്നുകുട്ടി പരിപാലനം |
| അടങ്കൽ | 20,00,000/-<br>(5,00,000/- വികസന ഫണ്ട് ജനറൽ, 5,00,000/- സംസ്ഥാനാവിഷ്കൃത ഫണ്ട്, ഗുണഭോക്തൃവിഹിതം 10,00,000/-) |
| ചെലവ് | 15,00,000/-<br>(5,00,000/- വികസന ഫണ്ട് ജനറൽ, ഗുണഭോക്തൃവിഹിതം 10,00,000/-) |
| ബിൽ നമ്പർ | 4/18-19 തീയതി 12.10.2018 തുക 5,00,000/- |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

വെറ്ററിനറി സർജൻ നിർവ്വഹണം നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി 2018-19 ൽ 5,00,000/- രൂപ പ്രോജക്ട് ഓഫീസർ, ആലുവയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പിന്റെ ചെലവ് വിവരങ്ങൾ ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല. ക്ഷീരവികസനം ലക്ഷ്യമിട്ട് 4 മുതൽ 32 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ, മരുന്ന്, വാക്സിനേഷൻ, ഇൻഷുറൻസ് എന്നിവ ലഭ്യമാക്കുന്നതിനാണ് തുക കൈമാറുന്നത്. എന്നാൽ കൈമാറിയ മുഴവൻ തുകയും കാര്യക്ഷമമായി വിനിയോഗിച്ചോ എന്ന് വിലയിരുത്താൻ സാധിച്ചിട്ടില്ല. ക്ഷീര വികസനം ലക്ഷ്യമിട്ട് കൈമാറുന്ന തുക ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോ എന്ന് തുക കൈമാറിയതിനുശേഷം നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിക്കുന്നില്ല. കൈമാറിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

# 3-5 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി -നിർമ്മാണം പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി |
| പ്രോജക്ട് നം | SO122/19 |
| അടങ്കൽ | 1,00,000/-<br>(4096/-ടി എസ് പി, 95904/-തനത് ഫണ്ട്) |
| ചെലവ് | 60,000/- |
| വൌച്ചർ നമ്പർ/ തീയതി | 21800189/18-19<br>26.03.18 |

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ മേൽ സ്പിൽ ഓവർ പദ്ധതിയിൽ പഠനമുറി നിർമ്മാണത്തിനായി സന്തോഷ് പി കെ, പാറയ്ക്കൽ, കോട്ടപ്പടി എന്ന ഗുണഭോക്താവിന് 2017-18 വർഷം 1,00,000/-രൂപയും, 2018-19 വർഷം 60,000/- രൂപയും ഉൾപ്പെടെ ആകെ 1,60,000/- രൂപ നൽകിയെങ്കിലും നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 26.06.2019 ലെ 5-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ ഫോൺ മുഖേനയും കത്ത് മുഖേനയും നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും 2019-20 ൽ പദ്ധതി സ്പിൽ ഓവർ ആക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 3-6 സർക്കാർ ഉത്തരവിന് വിരുദ്ധമായി

# ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നു

പഞ്ചായത്ത് ഭരണ സമിതിയുടെ 01.08.2018 തീയതിയിലെ യോഗത്തിന്റെ മിനിട്ട്സിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാൻ തീരുമാനമെടുത്തതായി താഴെപ്പറയും പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്.

ഓരോ വാർഡിലേയും ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ ആനുപാതികമായി ഒരു പദ്ധതിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനതല ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കേണ്ടതാണെന്നും ഇത് സംബന്ധിച്ച് പ്രതിപാദിച്ചിട്ടുള്ള 03.04.2017 ലെ 80/2017 നമ്പർ സർക്കാർ ഉത്തരവ് വിശദമായി സെക്രട്ടറി കമ്മിറ്റിയിൽ വായിച്ചു. എന്നാൽ ഈ വർഷവും മുൻ വർഷങ്ങളിലെ പോലെതന്നെ വാർഡ് തല ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും എല്ലാ വാർഡുകൾക്കും തുല്യ പ്രാധാന്യം നൽകി ആനുകൂല്യങ്ങൾ നൽകിയാൽ മതിയെന്നും ഉത്തരവിൽ പ്രതിപാദിച്ചത് പ്രകാരം ഈ വർഷത്തിൽ നടപ്പിലാക്കേണ്ടതില്ല എന്നും കമ്മിറ്റി ഐകകണ്ഠേന തീരുമാനിച്ചു. സർക്കാർ നിർദ്ദേശ പ്രകാരമല്ലാതെ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നതിന് സെക്രട്ടറി വിയോജിപ്പ് രേഖപ്പെടുത്തി.

2018-19 വർഷത്തെ പദ്ധതികളുടെ രേഖകൾ പരിശോധിച്ചതിൽ കമ്മിറ്റി തീരുമാനിച്ചതുപോലെ തന്നെ വാർഡ് തല ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമാണ് ഓരോ പദ്ധതിയിലും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളതും ആനുകൂല്യം നൽകിയിട്ടുള്ളതും. സർക്കാർ ഉത്തരവിന് വിരുദ്ധമായി കമ്മിറ്റി തീരുമാനമെടുത്ത് പദ്ധതികൾ നടപ്പിലാക്കിയത് ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-7 വീട് പുനരുദ്ധാരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

വീട് മേൽക്കൂരമാറ്റൽ, വീട് വാസയോഗ്യമാക്കൽ-പട്ടിക ജാതി, എസ് സി വീട് മെയിന്റനൻസ് എന്നിങ്ങനെ 2 വീട് പുനരുദ്ധാരണ പദ്ധതികളാണ് വി ഇ ഒ നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) അപേക്ഷകൾ പലതിലും അപേക്ഷകൻ എന്ത് പുനരുദ്ധാരണ പ്രവൃത്തിയാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നോ, എത്ര ചെലവ് പ്രതീക്ഷിക്കുന്നുവെന്നോ രേഖപ്പെടുത്തിയിട്ടില്ല.

2) എഞ്ചിനിയർ പ്രവൃത്തിയുടെ വാല്യുവേഷൻ തുക എത്രയെന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ തുകയുടെ അടിസ്ഥാനത്തിൽ ആനുകൂല്യം കൈമാറുകയാണ് ചെയ്തിരിക്കുന്നത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റോ, എന്ത് പ്രവൃത്തിയാണ് ചെയ്തിട്ടുള്ളതെന്നോ രേഖപ്പെടുത്തിയിട്ടില്ല.

പല ഗുണഭോക്താക്കളും എന്ത് പുനരുദ്ധാരണ പ്രവൃത്തിയാണ് പൂർത്തിയാക്കിട്ടുള്ളതെന്ന് ഫയലിൽ നിന്ന് വ്യക്തമല്ല. എഞ്ചിനിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിക്കുന്ന പദ്ധതികളിൽ ഓരോ പ്രവൃത്തിയുടെയും മൂല്യം രേഖപ്പെടുത്തി സാക്ഷ്യപത്രം ലഭ്യമാക്കി മാത്രം ആനുകൂല്യം അനുവദിക്കേണ്ടതും ആയത് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

# 3-8 ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ -അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പഞ്ചായത്തോഫീസിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ |
| പ്രോജക്ട് നം | S082/19 |
| അടങ്കൽ | 1,25,000/- (വികസന ഫണ്ട്-സാധാരണം ) |
| ചെലവ് | 1,25,000/- |
| ബിൽ നമ്പർ/ തീയതി, തുക | 13/18-19 തീയതി 25.09.2018 |

പഞ്ചായത്തോഫീസിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിന് 25.04.2018 ൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാകുകയും 18.07.2018 ന് ടെൻഡർ തുറക്കുകയും ചെയ്തതായി ഫയലിൽ കാണുന്നു. ടെൻഡർ സമർപ്പിച്ചിരുന്ന 4 സ്ഥാപനങ്ങളിൽ SERVITE SYSTEMS, കടവന്ത്ര, കൊച്ചി എന്ന സ്ഥാപനത്തിന്റെ 1,24,998/-രൂപയുടെ നിരക്ക് മാത്രമാണ് ടെൻഡർ രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. മറ്റ് സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത നിരക്കുകൾ എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല.

ലഭ്യമായ ക്വട്ടേഷനുകൾ പരിശോധിച്ചതിൽ പഞ്ചായത്ത് നിർദ്ദേശിച്ചിരുന്ന സ്പെസിഫിക്കേഷൻ ഫ്യൂച്ചറ ഓട്ടോമേഷൻ കമ്പനി സമർപ്പിച്ചിരുന്ന TOSHIBA e-Studio 2809 മോഡൽ മെഷീൻ 89,000/-രൂപയ്ക്ക് (3 വർഷ വാറന്റിയുൾപ്പെടെ)

ലഭ്യമായിരുന്നുവെന്ന് കാണുന്നു. എന്നാൽ പർച്ചേയ്സ് കമ്മിറ്റിയുടെ 30.07.2018ലെ മിനിട്ട്സിൽ ഐ കെ എം സ്പെസിഫിക്കേഷൻ പ്രകാരമുള്ള മോഡലുകൾ ഫ്യൂച്ചുറ കമ്പനി, കെ എം ടെക്നോളജീസ് എന്നീ കമ്പനികൾ ക്വാട്ട് ചെയ്ത ഷാർപ്പ് MXM 356 N, Toshiba e Studio 3008 A എന്നീ മോഡലുകൾക്കാണെന്നും ഇവയിൽ കെ എം ടെക്നോളജീസ്, ഷാർപ്പ് MXM 356 N മെഷീൻ നെഗോസിയേഷൻ പ്രകാരം 1,29,000/-രൂപയുടെ ഉല്പന്നം 1,25,000/-രൂപയ്ക്ക് നൽകാമെന്ന് സമ്മതിച്ചതനുസരിച്ച് കെ എം ടെക്നോളജീസിന്റെ ക്വട്ടേഷൻ അംഗീകരിച്ചതായും ടി മെഷീൻ വാങ്ങുന്നതിന് ശുപാർശ ചെയ്യാൻ തീരുമാനിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. രജിസ്റ്ററിൽ Toshiba e studio 2809 A എന്ന മോഡലിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

30.07.2018 ലെ പർച്ചേയ്സ് കമ്മിറ്റി യോഗത്തിന് ശേഷം നടന്നപഞ്ചായത്ത് കമ്മിറ്റിയുടെ 14.08.2018 ലെ 2/III തീരുമാനത്തിൽ SERVITE SYSTEMS സമർപ്പിച്ചിരുന്ന 1,24,889/-രൂപ വില വരുന്ന ഷാർപ്പ് കമ്പനിയുടെ MX-M265N (High End) മോഡൽ മെഷീന്റെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പിന്നീട് 13.09.2018ലെ 1/8 നമ്പർ തീരുമാന പ്രകാരം കെ എം ടെക്നോളജീസിന്റെ ക്വട്ടേഷൻ അംഗീകരിച്ച് നൽകുകയും മെഷീൻ വാങ്ങുകയുമാണ് ചെയ്തിട്ടുള്ളത്. പർച്ചേയ്സ് കമ്മിറ്റിയുടെ മിനിറ്റ്സിൽ SERVITE SYSTEMS സമർപ്പിച്ചിട്ടുള്ള മോഡൽ IKM സ്പെസിഫിക്കേഷൻ പൂർണ്ണമായും ഉള്ളതല്ല എന്ന് നിരീക്ഷിച്ചിട്ടുണ്ട്. ഈ മോഡലും, കമ്മിറ്റി പരിഗണിക്കാതിരുന്ന Toshiba e studio 2809 A എന്ന മോഡലും പഞ്ചായത്ത് ടെൻഡർ ക്ഷണിച്ചപ്പോൾ നിർദ്ദേശിച്ചിരുന്ന ഏത് സ്പെസിഫിക്കേഷൻ ആണ് കുറവുള്ളത് എന്ന് അറിയിക്കാനും മാനദണ്ഡങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തിയതിന് വിശദീകരണം നൽകുവാനും ആവശ്യപ്പെട്ട് നൽകിയ 28.06.2019 ലെ 11ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഐ കെ എം സ്പെസിഫിക്കേഷൻ പ്രകാരം 50ppm ആണ് സ്പീഡ് നിശ്ചയിച്ചിരുന്നതെന്നും പദ്ധതി തുകയ്ക്കുള്ളിൽ ഏറ്റവും സ്പീഡ് ലഭിക്കുന്ന മെഷീൻ (35 ppm) ആണ് നിലവിൽ വാങ്ങിയിട്ടുള്ളതെന്നും മറുപടി നൽകി. എന്നാൽ ടെൻഡർ ഫയലിൽ ചേർത്തിരുന്ന സ്പെസിഫിക്കേഷനിൽ 50ppm എന്നുള്ളത് 26 ppm എന്ന് തിരുത്തിയിട്ടുണ്ട് (SERVITE SYSTEMS സമർപ്പിച്ചിട്ടുള്ള മോഡൽ 26 ppm ആണ്). തോഷിബ കമ്പനിയുടെ മെഷീന്റെ പ്രവർത്തനം, സർവീസ് എന്നിവ സംബന്ധിച്ച് അന്വേഷിച്ചപ്പോൾ തൃപ്തികരമല്ല എന്നാണ് മനസ്സിലായിട്ടുള്ളതെന്നും മറുപടിയിൽ ചേർത്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാധന സേവനങ്ങൾ സമാഹരിക്കുന്നതിനുള്ള പ്രൊക്യൂർമെന്റ് മാനുവലിലെ

നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് മാത്രം വാങ്ങലുകൾ നടത്തുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 3-9 കറവപ്പശു വളർത്തൽ പദ്ധതി

| | |
|---|---|
| പ്രോജക്ട് നം. | S081/19 |
| പ്രോജക്ടിന്റെ പേര് | വനിതാ സംഘങ്ങൾക്ക് കറവ പശു വളർത്തൽ |
| അടങ്കൽ | 3575000/-<br>(വികസന ഫണ്ട് -സാധാരണം -1787500/-, ഗുണഭോക്തൃ വിഹിതം 1787500/-) |
| ചെലവ് | 3575000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ബിൽ നമ്പർ/<br>തീയതി , തുക | 9/18-19 തീയതി 18.12.18 തുക 825000/-<br>10/18-19 തീയതി 18.02.18 തുക 962500/- |

വനിതാ സംഘം ഒന്നിന് 5 കറവപ്പശുക്കളെ വീതം നൽകുന്നതിന് അംഗീകാരം ലഭിച്ച മേൽ പ്രോജക്ടിൽ 13 സംഘങ്ങൾക്കാണ് ആനുകൂല്യം നൽകാൻ ഉദ്ദേശിച്ചിരുന്നതും അനുമതി ലഭ്യമായിട്ടുള്ളതും. എന്നാൽ പദ്ധതി നടപ്പിലാക്കിയപ്പോൾ ഓരോ വനിതകൾക്ക് കറവപ്പശുവിനെ വാങ്ങിയതിന് 27500/-രൂപ വീതം സബ്സിഡി നൽകുകയാണ് ചെയ്തത്. പഞ്ചായത്തിലൊരിടത്തും കന്നുകാലി ഫാമുകൾ പ്രവർത്തിക്കുന്നില്ല. വനിതകൾക്ക് കറവപ്പശുവിനെ വാങ്ങുന്നതിന് 27500/- രൂപ സബ്സിഡി സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമാണെങ്കിലും വിഭാവനം ചെയ്ത് അംഗീകാരം ലഭിച്ച പദ്ധതിയിൽ നിന്നും വ്യതിചലിച്ച് നടപ്പിലാക്കുന്ന പ്രവണത ആശാസ്യമല്ല. ഇക്കാര്യത്തിൽ നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

# 3-10 പൊതുടാപ്പുകളുടെ വെള്ളക്കരം - ഭീമമായ കുടിശ്ശിക സംബന്ധിച്ച്

പഞ്ചായത്തിൽ വാട്ടർ ചാർജ്ജിനത്തിൽ വൻ തുക കുടിശ്ശിക നിലനിൽക്കുന്നു. കേരള വാട്ടർ അതോറിറ്റിയുടെ 04/2017 ലെ ബിൽ പ്രകാരം മുൻബാക്കി 31,61,159 /- രൂപയായിരുന്നു. ടി തുകയ്ക്ക് 2% ഫൈൻ ഓരോ മാസവും ചുമത്തുന്നുണ്ട് അതു

വഴി അടയ്ക്കാൻ ബാക്കി നില്ക്കുന്ന തുകയിൽ സാരമായ വർദ്ധനവ് ഉണ്ടാകുന്നതായി കാണുന്നു. 56ടാപ്പുകൾക്ക് @ 5250/- നിരക്കിൽ പ്രതിവർഷം 2,94,000/- രൂപയാണ് വാട്ടർ അതോറിറ്റി പഞ്ചായത്തിൽ നിന്ന് ഈടാക്കുന്നത്.2018-19വാർഷിക പദ്ധതിയിലുൾപ്പെടുത്തി S0071/19 നമ്പരായി സെക്രട്ടറി നടപ്പാക്കിയ കുടിവെള്ളക്കരം കുടിശ്ശിക അടവാക്കൽ എന്ന പ്രോജക്ടിലൂടെ മെയ്റ്റനൻസ് ഫണ്ടിൽ (നോൺ റോഡ്) നിന്നും 5,00,000/-രൂപ (ബിൽ.നം-21/18-19 തീയതി-26/11/18) അസിസ്റ്റന്റ് എൻജിനീയർ, KWA മൂവാറ്റുപുഴയുടെ പേരിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ടാപ്പുകളുടെ കൃത്യമായ എണ്ണമോ അവയുടെ നിലവിലെ സ്ഥിതിയോ (പ്രവർത്തനക്ഷമമായവ, കേടായി ഉപയോഗശൂന്യമായവ, എന്നിങ്ങനെയുള്ള വിവരങ്ങൾ), കുടിശ്ശിക തുകയുടെ കൃത്യത ഉറപ്പു വരുത്തുവാനുള്ള രജിസ്റ്ററുകളോ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല.സാമ്പത്തിക വർഷാവസാനം (as on 31.3.19) വെള്ളക്കരമിനത്തിൽ 31,67,576/-രൂപ കുടിശ്ശികയായി നിലനിൽക്കുന്നു.

KWA - യുമായി സംയുക്ത പരിശോധന നടത്തി അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനും ഈ വിഷയം പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

.

# 3-11 മരുന്ന് ലഭ്യമാക്കിയില്ല

| | | |
|---|---|---|
| പ്രോജക്ട് നം, പേര് | 3/19, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ. | 115/19, ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ. |
| ബിൽ നം,തീയതി, ചെലവ് | 27/2018-19, 21.01.2019, തുക 75000/- | 1/2018-19, 15.11.2018, തുക 6,90,000/- |
| ഫണ്ട് അടങ്കൽ | മെയിന്റനൻസ് ഫണ്ട് (റോഡിതരം)75000 | മെയിന്റനൻസ് ഫണ്ട് (റോഡിതരം)75000 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | മെഡിക്കൽ ഓഫീസർ, ആയുർവേദം |

<u>പദ്ധതി നം. 3/19</u>

മേൽ വിവരിച്ച പ്രകാരം ഹോംകോ, കേരള - യിലേക്ക് 75000 രൂപ 21.01.2019ൽ നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി സ്ഥാപനം ആശുപത്രിയിലേക്ക് മരുന്ന് ലഭ്യമാക്കിയിട്ടില്ല. ആയത് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**പദ്ധതി നം.115/19**

ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് കൈമാറിയ 6,90,000/- രൂപയിൽ 6,80,387/-രൂപയ്ക്കുള്ള മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന 9613/-രൂപയ്ക്കുള്ള മരുന്ന് കൂടി ലഭ്യമാക്കേണ്ടതാണ്. മരുന്ന് ഹോസ്പിറ്റലിൽ അടിയന്തരമായി ലഭ്യമാക്കുന്നതിന് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംങ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 800000 | സാംസ്കാരിക നിലയത്തിന് സ്ഥലം വാങ്ങൽ | 0 | 800000 |
| ,, | ,, | 150000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും | 150000 | 0 |
| ‘‘ | ‘‘ | 661500 | ലൈഫ് മിഷൻ ഭവന പദ്ധതി-ജനറൽ | 661500 | 0 |
| ‘‘ | ‘‘ | 198150 | ലൈഫ് മിഷൻ ഭവന പദ്ധതി-എസ് സി പി | 0 | 198150 |
| ‘‘ | ‘‘ | 100000 | അങ്കണവാടി പോഷകാഹാര പദ്ധതി | 100000 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 400000 | നെൽകൃഷി വികസനം | 400000 | 0 |
| | | 150000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും | 150000 | 0 |
| | | 400000 | ലൈഫ് മിഷൻ ഭവന പദ്ധതി-ജനറൽ | 0 | 400000 |

# 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 21801062/ 05.12.18 | 150000 | 0 | 150000 |
| ,, | അംഗൻവാടി വാട്ടർമീറ്ററുകൾ മാറ്റിവയ്ക്കൽ | 21800510/ 16.10.18 | 6423 | 0 | 6423 |
| ,, | ഷോപ്പിംഗ് കോംപ്ലക്സ് വാട്ടർ കണക്ഷൻ | 21800422 15.09.18 | 40000 | 0 | 40000 |
| ,, | സബ്സെന്ററുകൾ കംഫർട്ട് സ്റ്റേഷൻ എന്നിവിടങ്ങളിൽ വാട്ടർ കണക്ഷൻ | 21800375/ 30.08.18 | 26100 | | 26100 |
| കെ എസ് ഇ ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 494456/ 14.02.19 | 27683 | | 27683 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| | | | യുണ്ടായിരുന്ന തുക | | | ബാക്കിയുള്ള തുക |
| EMS ഭവനപദ്ധതി | 564/10 തീയതി 22/2/10 | 7311265 | 623184 | 623184 | 0 | 0 |
| കോട്ടപ്പടി ഷോപ്പിങ് കോംപ്ലക്സ് നിർമ്മാണം – KURDFC ലോൺ | 492/15/ തസ്വഭവ/ 19.2.15 2016-17 2017-18 | 2860975 4405943 7266918 | 7062562 | 1038136 | 693679 | 6024426 |
| ലൈഫ് ഭവന നിർമ്മാണ പദ്ധതി | ജി ഒ(എം എസ്) 68/2018 /തസ്വഭവ തീ 18.05.18 | 2438500 | 0 | 0 | 0 | 2438500 |

.

# 4-5 സ്ഥിര നിക്ഷേപം

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം വരവില്ല

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

. പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.1 | 2016-17 | അനുബന്ധം 4, പേജ് 178 | തൊഴിൽ നികുതി | 12 പേരിൽ 8 ആളുടെ തൊഴിൽ നികുതി അടച്ചിട്ടുണ്ട്. |
| “ | 2.1(B) | “ | “ | “ | 10 സ്ഥാപനങ്ങളിൽ 9 സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

## (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70489714.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 63519366.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

## (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| ഇല്ല | | | |

## ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

## (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

## (ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## (എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ

**<u>സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | | |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2001-02 | എൽ.എഫ്.ഇ(പി 1)1150/05/28.10.2006 | |
| 2002-03 | എൽ.എഫ്.ഇ(പി 7)2084/06/7.11.2006 | |
| 2003-04 | എൽ.എഫ്.ഇ(പി 7)734/10/29.9.2011 | |
| 2004-05 | എൽ.എഫ്.ഇ(പി 7)735/10/29.9.2011 | |
| 2005-06 | എൽ.എഫ്.ഇ(പി 7)736/10/29.9.2011 | |
| 2006-07 | എൽ.എഫ്.ഇ(പി 7)787/12/13.7.2012 | |
| 2007-08 | എൽ.എഫ്.ഇ(പി 7)788/12/13.7.2012 | |
| 2008-09 | എൽ.എഫ്.ഇ(പി 7)789/12/13.7.2012 | |
| 2009-10 | എൽ.എഫ്.ഇ(പി 7)790/12/13.7.2012 | |
| 2010-11<br>2011-12 | എൽ.എഫ്.ഇ(പി7)854/13/4.6.13 | |
| 2012-13<br>2013-14 | എൽ.എഫ്.ഇ(പി7)1901/14/16.1.15 | |
| 2014-15 | കെ.എസ്.എ.-ഇ.കെ.എം (പി7)1255/2016<br>തീയതി 25.07.2016 | |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം (പി7)2244/2016<br>തീയതി 04.03.2017 | |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം (പി7)1881/2017<br>തീയതി 25.11.2017 | |
| 2017-18 | കെ.എസ്.എ-ഇ.കെ.എം.(പി7)2356/2018 തീയതി<br>14.02.19/08.03.19 | |

.

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി
ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്**

.

# അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **കോട്ടപ്പടി**

ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

<u>2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.</u>

1.വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. 2018-19 വർഷം സ്ഥാപന തൊഴിൽ നികുതിയിനത്തിൽ 1250/- രൂപ കുടിശികയുണ്ടായിരുന്നത് ബാലൻസ് ഷീറ്റ് ബി 15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

**ഡെപ്യൂട്ടി ഡയറക്ടർ**

## <u>Annexure – 1</u>

## <u>AUDIT CERTIFICATE</u>

Certified that I have examined the Annual Financial Statement of **KOTTAPPADY GRAMA PANCHAYATH** in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayath Raj Accounting Rules 2011, and the guidelines issued by the Comptroller and Auditor General of India

for the purpose of Certification of accounts of Panchayat Raj Institutions, and the instructions vide GO(Rt.) 1413/2018/LSGD, Dated.22.5.18.

In my opinion, the Financial Statement of KOTTAPPADY GRAMA PANCHAYATH for the year 2018-19 subject to the observations in the Annexure-2, properly presents the picture of income, expenditure and closing balance.

.

**DEPUTY DIRECTOR**

Defects identified on verification of Annual Financial Statement 2018-19 of KOTTAPPADY Grama Panchayath

1. The accounts of Property tax in AFS differs with the SANCHAYA accounts.

2. Arrear of Profession Tax (Traders) for the year 2018-19 amounting to Rs.1250/- is not included in the B.15 schedule.

3. Assets including Land are not accounted properly and entered in the asset register and reconciled with the book values in the AFS. SACHITRA and SAANKHYA softwares are not linked yet. As the accounting of assets are not completed, the accuracy of Panchayath Fund could not be ensured.

.

DEPUTY DIRECTOR